**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 371** **22-02-2022 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട എക്സൈസ് റെയ്ഞ്ച് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കടയിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കാട്ടാക്കട എക്സൈസ് റെയ്ഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി കാട്ടാക്കട ഗ്രാമപഞ്ചായത്ത് വക കുളത്തുമ്മൽ വില്ലേജിൽപ്പെട്ട 10 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് വിട്ടുനൽകുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി എക്സൈസ് വകുപ്പിന് വിട്ടുനൽകുന്നതിന് കാട്ടാക്കട ഗ്രാമപഞ്ചായത്ത് എന്നാണ് തീരുമാനിച്ചത്; ആയതിന്മേൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത സ്ഥലം എക്സൈസ് വകുപ്പിന് വിട്ടുനൽകുന്നതിന് 07/04/2017-ൽ കാട്ടാക്കട ഗ്രാമപഞ്ചായത്ത് തീരുമാനം എടുത്തിരുന്നു. എന്നാൽ ടി വസ്തുവിന്റെ പട്ടയം കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ പേരിൽ ലഭിക്കാത്തതിനാലാണ് ഭൂമി കൈമാറ്റത്തിന് കാലതാമസം ഉണ്ടാകുന്നത്. |
| (സി) | പ്രസ്തുത ഭൂമികൈമാറ്റ നടപടികൾ വേഗത്തിലാക്കി എക്സൈസ് ഓഫീസ് നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത ഭൂമി എക്സൈസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ